# ഗ്രാമ ന്യായാലയ ഇരിട്ടി, പായം

സാന്നിദ്ധ്യം: *Sri.Mohamed Mausoom. P. T., BA LL.B (H)*
ന്യായാധികാരി
തീയ്യതി: **2026 മാർച്ച് 27 / 1948 ചൈത്രം 6**

---

## M.C. No. 11/2020

ഹർജിക്കാരി : സുഫൈജത്ത്.പി.കെ
W/o.ഷമീർ ദാവാരി, വയസ്സ് 34,
നഫീസ മൻസിൽ, കാവുംപടി
തില്ലങ്കേരി പി.ഒ, തലശ്ശേരി താലൂക്ക്,
കണ്ണൂർ

***(ഹർജിക്കാരിക്കു വേണ്ടി അഡ്വ. ജോൺ സെബാസ്റ്റ്യൻ)***

എതൃകക്ഷികൾ : 1. ഷമീർ ദാവാരി
S/o അബ്ദുള്ള, വയസ്സ് 45
'ജസ്റ്റിനാസ്', എകെജി നഗർ,
മട്ടന്നൂർ പി.ഒ, കണ്ണൂർ

2. സുബൈദ ദാവാരി
W/o.അബ്ദുള്ള, വയസ്സ് 62
'ജസ്റ്റിനാസ്', എകെജി നഗർ,
മട്ടന്നൂർ പി.ഒ, കണ്ണൂർ
(മട്ടന്നൂർ പോലീസ് സ്റ്റേഷൻ പരിധി)

## ഉ ത്ത ര വ്

ഗാർഹിക പീഡനത്തിൽ നിന്നുമുള്ള സ്ത്രീ സംരക്ഷണ നിയമം,2005ലെ *(ഇനി മുതൽ '**2005ലെ നിയമം**' )* 12ാം, വകുപ്പ് പ്രകാരം ബോധിപ്പിച്ചതാണ് മേൽ അപേക്ഷ.

**2.** <u>അപേക്ഷയിലെ ഉള്ളടക്കത്തിന്റെ സംക്ഷിപ്ത രൂപം</u> :-

ഹർജിക്കാരിയും ഒന്നാം എതൃകക്ഷിയും 14.07.2002 തീയ്യതി കാവുംപടി ജുമാമസ്ജിദിൽ വെച്ച് മുസ്ലിം മതാചാരപ്രകാരം വിവാഹിതരാവുകയും, വിവാഹശേഷം ഒന്നാം

എതൃകക്ഷിയുമൊന്നിച്ച് ഇരുകക്ഷികളുടേയും ഭവനത്തിൽ മാറി മാറി താമസിച്ച് വരുകയും ചെയ്തു. ഫാത്തിമ ഷഹല (17 വയസ്സ്), മുഹമ്മദ് ഷഹ്സിൻ(14 വയസ്സ്) എന്നീ കുട്ടികൾ മേൽ വിവാഹത്തിൽ ജനിച്ചിട്ടുള്ളതുമാണ്. വിവാഹസമയത്ത് ഹർജിക്കാരിയുടെ പിതാവിന് കപ്പലിൽ പ്രതിമാസം ഏകദേശം Rs.4,00,000/- (നാല് ലക്ഷത്തോളം രൂപ) ശമ്പളമുള്ള ഉയർന്ന ജോലിയായിരുന്നു. വിവാഹസമയത്ത് ഹർജിക്കാരിയുടെ പിതാവ് മൊത്തം 100(നൂറ്) പവൻ സ്വർണ്ണാഭരണങ്ങൾ ഹർജിക്കാരിക്ക് നൽകിയിരുന്നു. വിവാഹശേഷം ജോലിക്ക് പോവാതെ വീട്ടിൽ തന്നെ ഇരുന്ന ഒന്നാം എതൃകക്ഷിക്ക്, ഹർജിക്കാരിയുടെ പിതാവ് സ്വന്തം പണം ഉപയോഗിച്ച് തുറന്നു കൊടുത്ത *Cassette* കട അലസത കാരണം രണ്ട് മാസത്തിനുള്ളിൽ പൂട്ടി. ആയതിനുശേഷം ഒന്നാം എതൃകക്ഷിയുടെ അഭ്യർത്ഥനയുടേയും ഉറപ്പിന്മേലും, ഹർജിക്കാരിയുടെ പിതാവ് ബാംഗ്ലൂരിൽ *Gift, Crockery etc.* വിൽക്കുന്ന ഒരു കട തുറന്നു കൊടുത്തു. എന്നാൽ ഒന്നാം എതൃകക്ഷിയുടെ അലസത മൂലം ആ കടയും ഒന്നര വർഷത്തിനുള്ളിൽ തന്നെ പൂട്ടി. ആയതിന് ശേഷം ഒരു ജോലിക്കും പോകാതെ നാട്ടിൽ അലഞ്ഞുതിരിഞ്ഞ് നടന്നിരുന്ന ഒന്നാം എതൃകക്ഷി ഹർജിക്കാരിയുടെ കയ്യിലുണ്ടായിരുന്ന 100(നൂറ്) പവൻ സ്വർണ്ണാഭരണവും, മക്കൾക്ക് ഹർജിക്കാരിയുടെ മാതാപിതാക്കൾ നൽകിയ 15.8 പവൻ സ്വർണ്ണാഭരണവും തവണകളായി കൊണ്ടുപോയി വില്പന നടത്തി. 2004ൽ ഹർജിക്കാരിയുടെ കുറച്ച് സ്വർണ്ണാഭരണങ്ങൾ വിൽപ്പന നടത്തിയ പൈസയുമായി Visa എടുത്ത് ഗൾഫിലേക്ക് പോവുകയും ജോലിയൊന്നും ലഭിച്ചില്ല എന്ന് പറഞ്ഞ് പെട്ടെന്ന് തന്നെ നാട്ടിലേക്ക് മടങ്ങിവരികയും ചെയ്തു.

**3.** 2013 ഫെബ്രുവരി മാസത്തോടെ ഹർജിക്കാരിയുടെ പിതാവിന് ജോലി നഷ്ടപ്പെട്ടതിൽ, പിതാവിന്റെ വീട് വിൽക്കുകയും, ഹർജിക്കാരിയും കുട്ടികളും എതൃകക്ഷികളുടെ വീട്ടിലേക്ക് താമസം മാറി. പ്രസ്തുത ഭവനത്തിൽ എതൃകക്ഷികളും, ഒന്നാം എതൃകക്ഷിയുടെ പിതാവും, രണ്ട് അനുജൻമാരും താമസിച്ചു വന്നിരുന്നു. 26.01.2014 തീയ്യതി ഒന്നാം എതൃകക്ഷി ഹർജിക്കാരിയോട് മോശമായി പെരുമാറുകയും, പിതാവിനെയടക്കം ചീത്ത വിളിച്ച് വീട്ടിൽ നിന്ന് ഇറങ്ങിപ്പോവുകയും ചെയ്തു. എതൃകക്ഷി വരുന്നതും കാത്ത് റൂമിന്റെ വാതിൽ ലോക്ക് ചെയ്യാതെ

കിടന്നുറങ്ങുകയായിരുന്ന ഹർജിക്കാരിയുടെ വയറിന് പുലർച്ചെ 2:30 മണിയോടെ ആരോ തടവുന്നതായി അനുഭവപ്പെടുകയും എഴുന്നേറ്റ് ലൈറ്റ് ഓൺ ചെയ്തതിൽ കട്ടിലിനടുത്ത് ഒന്നാം എതൃകക്ഷിയുടെ ഇളയ അനുജൻ നിൽക്കുന്നത് കാണുകയും, ഭയന്ന ഹർജിക്കാരി മുറിയിൽ നിന്നും ഇറങ്ങി ഓടാൻ ശ്രമിച്ചതിൽ ഒന്നാം എതൃകക്ഷിയുടെ അനുജൻ ആരോടെങ്കിലും പുറത്ത് പറഞ്ഞാൽ കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തി. മേൽ സംഭവത്തെ തുടർന്ന് മാനസികമായി തളർന്ന ഹർജിക്കാരി പൊട്ടിക്കരയുകയും ഉറങ്ങാതെ പുലരുംവരെ കരഞ്ഞ് കൊണ്ടിരുന്നു. രണ്ട് ദിവസം കഴിഞ്ഞ് ഒന്നാം എതൃകക്ഷി വന്നപ്പോൾ, അനുജനിൽ നിന്നുമുണ്ടായ ദുരനുഭവം പറഞ്ഞപ്പോൾ ഇതെല്ലാം ഹർജിക്കാരിയുടെ സമ്മതത്തോടെയാണ് എന്നാരോപിച്ച് ആക്ഷേപിക്കുകയും മാനസികമായി പീഢിപ്പിക്കുകയുമായിരുന്നു. ഈ സംഭവത്തിന് ശേഷം ഒന്നാം എതൃകക്ഷി ജോലിക്കൊന്നും പോവാത്തതുകാരണം *'നിങ്ങളെ തീറ്റിപ്പോറ്റാൻ ഞങ്ങൾക്ക് കഴിയില്ല'* എന്ന് പറഞ്ഞ് രണ്ടാം എതൃകക്ഷിയും അവരുടെ ഭർത്താവും അവരുടെ രണ്ട് മക്കളും രണ്ടാം എതൃകക്ഷിയുടെ വീട്ടിലേക്ക് താമസം മാറി. ഈ അവസരത്തിൽ ഹർജിക്കാരിയും മക്കളും ദൈനംദിന ചെലവിനായി ഹർജിക്കാരിയുടെ ബന്ധുക്കളെ ആശ്രയിക്കാൻ നിർബന്ധിതയായി.

4. ഒന്നാം എതൃകക്ഷി ജോലിക്കോ മറ്റോ പോവാതെ അലഞ്ഞുതിരിഞ്ഞ് നടന്ന് അസമയത്ത് കയറി വന്ന് ഹർജിക്കാരിയെയും മക്കളെയും ബുദ്ധിമുട്ടിച്ച് കൊണ്ടേയിരുന്നതിൽ, രാത്രി 10:00 മണിക്ക് മുമ്പായി വീട്ടിൽ വരണമെന്ന് ഹർജിക്കാരി ആവശ്യപ്പെട്ടതിന്, കേട്ടാൽ അറപ്പുളവാകുന്ന ഭാഷയിൽ തെറി പറയുകയും *'പുലയാടിച്ചി'* എന്നും മറ്റും വിളിച്ചു അധിക്ഷേപിക്കുകയും, മറ്റു പുരുഷൻമാരുമായി അവിഹിതമുണ്ടെന്നാരോപിച്ച് മൃഗീയമായി മർദ്ദിക്കുകയും പതിവായിരുന്നു. 2016ൽ രണ്ടാം എതൃകക്ഷി ഒന്നാം എതൃകക്ഷിക്ക് വീടെടുക്കാൻ 11 ¼ (പതിനൊന്ന് കാൽ) സെന്റ് ഭൂമി ദാനമായി നൽകുകയും, പെട്ടെന്ന് തന്നെ ഒരു വീട് എടുത്ത് ഹർജിക്കാരിയേയും മക്കളേയും കൂട്ടി അങ്ങോട്ടേക്ക് താമസം മാറാൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഈ സ്ഥലം ഉപയോഗിച്ച് കണ്ണൂർ ജില്ലാ ബാങ്കിൽ നിന്നും ലോണെടുത്ത് ഗൾഫിലേക്ക് പോയ ഒന്നാം

എതൃകക്ഷി കുറച്ച് മാസങ്ങൾക്ക് ശേഷം നാട്ടിൽ വന്നു സ്ഥലം വിൽപ്പന നടത്തി ബാധ്യത തീർക്കുകയായിരുന്നു. 11.09.2018 തീയ്യതി ഒന്നാം എതൃകക്ഷി വീട്ടിലെ ഭക്ഷണസാധനങ്ങളും പാത്രങ്ങളും മറ്റും എറിഞ്ഞു തകർക്കുകയും, ഹർജിക്കാരിയെ ശാരീരികമായും മാനസീകമായും ആക്രമിക്കുകയും ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു. ഹർജിക്കാരിയുടേയും ഒന്നാം എതൃകക്ഷിയുടേയും വിവാഹസർട്ടിഫിക്കറ്റ് കത്തിക്കുകയും, ആയത് ഇപ്പോൾ ഭാഗികമായി കത്തിയ നിലയിലാണ്. ഇതു കണ്ട് ഭയന്നുവിറച്ച ഹർജിക്കാരിയും കുട്ടികളും താൽക്കാലികമായി മറ്റൊരു വീട്ടിലേക്ക് താമസം മാറി. ഒന്നാം എതൃകക്ഷിയുടെ അക്രമത്തിൽ ഹർജിക്കാരിയുടെ വലത് കൈവിരലിനും, ദേഹത്തും പരിക്ക് പറ്റിയതിനെ തുടർന്ന് 12.09.2018 തീയ്യതി മട്ടന്നൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടുകയും, അന്ന് തന്നെ മട്ടന്നൂർ പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കുകയും ചെയ്തു. ഒന്നാം എതൃകക്ഷിയെ പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിക്കുകയും താക്കീത് ചെയ്തു വിട്ടയക്കുകയും ഉടൻ തന്നെ ആ വീട്ടിൽ നിന്നും മാറി താമസിക്കണമെന്ന് ഒന്നാം എതൃകക്ഷിയോട് ആവശ്യപ്പെടുകയും ചെയ്തു. അന്ന് വീട്ടിൽ നിന്നും ഇറങ്ങിപ്പോയ ഒന്നാം എതൃകക്ഷി പിന്നെ ഹർജിക്കാരിയുമായോ മക്കളുമായോ യാതൊരുവിധ ബന്ധം പുലർത്തുകയോ ചിലവിന് നൽകുകയോ ചെയ്തിട്ടില്ല.

**5.** ഏകദേശം ആറ് മാസങ്ങൾക്ക് ശേഷം രണ്ടാം എതൃകക്ഷി വീട്ടിൽ വരികയും, വീട് വേറെ ഒരാൾക്ക് വാടകക്ക് കൊടുക്കാനായി പെട്ടെന്ന് ഒഴിഞ്ഞ് മാറാൻ ആവശ്യപ്പെടുകയും ചെയ്തതിൽ, പോവാൻ മറ്റൊരിടം ഇല്ലെന്നും ചെലവിനും താമസത്തിനും ഒന്നാം എതൃകക്ഷിയിൽ നിന്നും ഒന്നും ലഭിക്കുന്നില്ലെന്നും ഹർജിക്കാരിയുടെ തുച്ഛമായ ശമ്പളത്തിൽ വാടകവീട്ടിലേക്ക് താമസം മാറാൻ കഴിയില്ലെന്നും അവരെ ബോധ്യപ്പെടുത്തുകയുണ്ടായി. ഹർജിക്കാരിക്കും മക്കൾക്കും താമസിക്കാൻ മറ്റൊരു വീട് ശരിയാക്കി തന്നാൽ മാറാമെന്ന് രണ്ടാം എതൃകക്ഷിയെ അറിയിച്ചെങ്കിലും, അതിന് കഴിയില്ലെന്നും എത്രയും പെട്ടെന്ന് വീട് ഒഴിഞ്ഞു തന്നില്ലെങ്കിൽ കേസ് കൊടുക്കുമെന്നും കോടതി കയറ്റുമെന്നും ഭീഷണിപ്പെടുത്തി. രണ്ടാം എതൃകക്ഷിയും കുടുംബവും നിരന്തരം വീട്ടിൽ വരികയും ഹർജിക്കാരിയേയും മക്കളേയും ഭീഷണിപ്പെടുത്തുകയും, പലപ്പോഴായി വീട്ടിലെ

വൈദ്യുതി വിച്ഛേദിക്കുകയും, വെള്ളം എടുക്കുന്നത് തടയുകയും ചെയ്തു. കൂടാതെ പലപ്പോഴായി ഹർജിക്കാരിയും മക്കളും വീട്ടിലില്ലാത്ത സമയം രണ്ടാം എതൃകക്ഷിയും കുടുംബവും വീട്ടിൽ വന്ന് പൂട്ട് പൊളിക്കുകയും, പകരം പുതിയ പൂട്ട് സ്ഥാപിച്ച് വീട്ടിലേക്ക് പ്രവേശിക്കുന്നത് തടയുകയും ചെയ്തു. ആയതിനെതിരെ 03.07.2020 തീയ്യതി മട്ടന്നൂർ പോലീസ് സ്റ്റേഷനിൽ ഒരു പരാതി കൊടുത്തെങ്കിലും കോടതിയെ സമീപിക്കാൻ ആവശ്യപ്പെട്ടു. ഹർജിക്കാരി മേൽ പറഞ്ഞ വീട് വിട്ടിറങ്ങുകയും, സ്വന്തമായി താമസിക്കാൻ ഇടമില്ലാത്തതിനാൽ ഇപ്പോൾ മട്ടന്നൂരിലുള്ള ഒരു ബന്ധു വീട്ടിൽ താമസിക്കുകയാണ്. പിന്നീട് ഹർജിക്കാരിയെ പ്രതിയാക്കി വസ്തുവിൽ അതിക്രമിച്ചു കയറാൻ പാടില്ല എന്ന ഉത്തരവ് സമ്പാദിക്കുന്നതിനായി രണ്ടാം എതൃകക്ഷി കൂത്തുപറമ്പ് മുൻസിഫ് കോടതി മുമ്പാകെ ***O.S.No.268/2020*** ആയി ഒരു അന്യായം കളവായി ബോധിപ്പിച്ചിട്ടുണ്ട്.

**6.** ഹർജിക്കാരിക്ക് സ്വന്തമായി തൊഴിലോ, വസ്തുവകകളോ വരുമാനമാർഗ്ഗങ്ങളോ ഇല്ലാത്തതും, ബന്ധുക്കളുടെ ആശ്രയത്തിൽ ജീവിച്ച് വരികയാണ്. ഭക്ഷണം, വസ്ത്രം, ചികിത്സ എന്നിവയ്ക്കായി ഹർജിക്കാരിക്ക് മാസത്തിൽ മൊത്തം Rs.15,000/- (പതിനയ്യായിരം രൂപ) ആവശ്യമുള്ളതാണ്. ഒന്നാം എതൃകക്ഷിക്ക് കുശാൽനഗറിൽ കച്ചവടവും, കൂടാതെ സ്വന്തമായി ഭൂമിയും, വരുമാനവുമുള്ള വസ്തുക്കളുമുണ്ട്. ബിസിനസ്സിൽ നിന്നും പ്രതിമാസം Rs 1,00,000/- (ഒരു ലക്ഷം) രൂപയും ഭൂമിയിൽ നിന്നും പ്രതിമാസം Rs.10,000/- (പതിനായിരം) രൂപയും ലഭിക്കുന്നുണ്ട്. എതൃകക്ഷികളുടെ പീഡനങ്ങൾക്കുള്ള നഷ്ടപരിഹാരമായി Rs.10,00,000/- (പത്തു ലക്ഷം രൂപ) ഹർജിക്കാരിക്ക് ലഭിക്കാൻ അർഹതയുണ്ട്. ആയതിനാൽ ഒരു ശാശ്വത സംരക്ഷണ ഉത്തരവിനും, മട്ടന്നൂർ മുൻസിപ്പാലിറ്റിയിലെ 25ാം വാർഡിൽ സ്ഥിതി ചെയ്യുന്ന *'ജസ്മിനാസ്'* എന്ന ഭവനത്തിൽ ഹർജിക്കാരിക്ക് തുടർന്ന് താമസിച്ച് വരുവാൻ ഉത്തരവുണ്ടാവാനും, ഹർജിക്കാരിയെ ഒഴിപ്പിക്കുകയോ ശല്യപെടുത്തുകയോ ഹർജിക്കാരിയുടെ സുഗമമായ താമസത്തിന് തടസ്സം വരുത്തുന്ന രീതിയിൽ എതൃകക്ഷികൾ പ്രവർത്തിക്കുന്നതിൽ നിന്നും തടഞ്ഞുകൊണ്ടും അല്ലാത്തപക്ഷം ഹർജിക്കാരിക്ക് താമസിക്കുന്നതിന് ഒരു വീട് എടുത്ത് നൽകുന്നതിനും ആയതിന്റെ വാടക നൽകുന്നതിനും ഒന്നാം എതൃകക്ഷിയോട് കല്പിച്ചുകൊണ്ട് ഒരു

ഉത്തരവിനും, ഹർജിക്കാരിക്ക് പ്രതിമാസം Rs.15,000/- (പതിനയ്യായിരം രൂപ) ചിലവിനും, നഷ്ടപരിഹാരമായി Rs.10,00,000/- (പത്തു ലക്ഷം രൂപ) ലഭിക്കാനും, ഹർജിക്കാരിയിൽ നിന്നും കൈക്കലാക്കിയ 100 (നൂറ്) പവൻ സ്വർണാഭരണങ്ങൾ ഒന്നാം എതൃകക്ഷിയോട് തിരികെ നൽകാൻ കൽപിച്ചുകൊണ്ട് ഒരു ഉത്തരവിനുമാണ് മേൽ അപേക്ഷ.

**7.** അപേക്ഷ ഫയലിൽ സ്വീകരിച്ച് എതിർകക്ഷികൾക്ക് നോട്ടീസ് അയച്ചു. തുടർന്ന് എതിർകക്ഷികൾ കോടതി മുമ്പാകെ ഹാജരായി മറുപടി ആക്ഷേപം ബോധിപ്പിച്ചു.

**8.** <u>പ്രസ്തുത മറുപടി ആക്ഷേപത്തിലെ പ്രസക്തമായ വസ്തുതകളുടെ സംക്ഷിപ്ത രൂപം</u>:-

ഹർജിക്കാരി ഒന്നാം എതൃകക്ഷിയുടെ ഭാര്യയും, രണ്ടാം എതൃകക്ഷി ഒന്നാം എതൃകക്ഷിയുടെ മാതാവുമാണ്. പ്രസ്തുത വിവാഹബന്ധത്തിൽ ഫാത്തിമ ഷഹല, ഷഹസിൻ എന്നീ കുട്ടികൾ ജനിച്ചിട്ടുള്ളതുമാണ്. വിവാഹസമയത്ത് ഒന്നാം എതൃകക്ഷി സൗദി അറേബ്യയിൽ ഡ്രൈവറായി ജോലി ചെയ്തിരുന്നു. വിവാഹസമയത്ത് എതൃകക്ഷികളുടെ അറിവിൽപെട്ടിടത്തോളം 23(ഇരുപത്തി മൂന്ന്) പവൻ സ്വർണ്ണാഭരണങ്ങൾ മാത്രമേ ഹർജിക്കാരിക്ക് ഉണ്ടായിരുന്നുള്ളൂ. വിവാഹവേളയിൽ ഹർജിക്കാരി അണിഞ്ഞിരുന്ന സ്വർണ്ണാഭരണങ്ങൾ പലതും *'Imitated'* ആയിരുന്നു എന്നാണ് ഹർജിക്കാരിയും വീട്ടുകാരും എതൃകക്ഷികളോട് പറഞ്ഞിരുന്നത്. ഹർജിക്കാരിയുടെ വീട്ടുകാർ യാതൊരു വിധ സ്വർണ്ണാഭരണങ്ങളും നൽകിയിരുന്നില്ല. 2004ൽ ഹർജിക്കാരിയുടെ കുറച്ച് സ്വർണ്ണാഭരണങ്ങൾ വിൽപ്പന നടത്തിയ പൈസയുമായി ഒന്നാം എതൃകക്ഷി Visa എടുത്ത് ഗൾഫിലേക്ക് പോവുകയും ജോലി ലഭിക്കാതെ നാട്ടിലേക്ക് മടങ്ങിയ സംഭവവും ഉണ്ടായിട്ടില്ല. യഥാർത്ഥത്തിൽ ഹർജിക്കാരി 'Visiting Visa'യിൽ വിദേശത്ത് വന്ന് കുറച്ച് നാൾ ഒന്നാം എതൃകക്ഷിയോടൊപ്പം താമസിക്കുകയാണുണ്ടായത്. ഹർജിക്കാരിയുടെ ഏതെങ്കിലും സ്വർണ്ണാഭരണങ്ങൾ ഒന്നാം എതൃകക്ഷി വിൽപ്പന നടത്തുകയോ ആയതിൽ നിന്നും ലഭിച്ച പണം വിനിയോഗിക്കുകയോ ഉണ്ടായിട്ടില്ല. ഹർജിക്കാരിയുടെ പിതാവിന്റെ ജോലി നഷ്ടപ്പെട്ടതിനാൽ ചില സാമ്പത്തിക ബാധ്യതകൾ വന്ന് ചേരുകയും തുടർന്ന് ഹർജിക്കാരിയുടെ സ്വർണ്ണാഭരണങ്ങൾ മുഴുവനായും പിതാവിന്

നൽകുകയുണ്ടായി എന്നും ഒന്നാം എതൃകക്ഷിയെ അറിയിച്ചിരുന്നു.

**9.** 26.01.2014 തീയ്യതി ഒന്നാം എതൃകക്ഷി മോശമായി പെരുമാറുകയോ, വീട്ടിൽ നിന്ന് ഇറങ്ങി പോവുകയോ ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടില്ല. ഒന്നാം എതൃകക്ഷിയുടെ അനുജൻ ഹർജിക്കാരിയെ ലൈംഗികമായി ഉപദ്രവിച്ചതായി ഹർജിക്കാരി ഒന്നാം എതൃകക്ഷിയോട് പറയുകയോ, ഇളയ അനുജൻ ലൈംഗികമായി ഉപദ്രവിച്ച സംഭവമോ ഉണ്ടായിട്ടില്ല. ഒന്നാം എതൃകക്ഷി ജോലിക്കൊന്നും പോകാത്തത് കാരണം ഹർജിക്കാരിയെ തീറ്റിപോറ്റാൻ കഴിയില്ല എന്ന് പറഞ്ഞ് രണ്ടാം എതൃകക്ഷിയും, അവരുടെ ഭർത്താവും മറ്റ് മക്കളും രണ്ടാം എതൃകക്ഷിയുടെ വീട്ടിലേക്ക് താമസം മാറി എന്ന ആരോപണവും അടിസ്ഥാനരഹിതമാണ്. ഒന്നാം എതൃകക്ഷി വൈകി വീട്ടിൽ എത്തുന്ന സ്വഭാവക്കാരനല്ല. ഒന്നാം എതൃകക്ഷി ഹർജിക്കാരിയെ ചീത്തവിളിക്കുകയോ, അധിക്ഷേപിക്കുകയോ, മർദ്ദിക്കുകയോ, ശാരീരിക മാനസിക പീഡനങ്ങൾക്ക് വിധേയമാക്കുകയോ ചെയ്തിട്ടില്ല. ഒന്നാം എതൃകക്ഷിക്ക് രണ്ടാം എതൃകക്ഷി 11 ¼ (പതിനൊന്ന് കാൽ) സെൻറ് സ്ഥലം 2016ൽ ദാനമായി നൽകിയിരുന്നെങ്കിലും, അവിടെ വീട് വെച്ച് താമസിക്കുന്നതിന് ഹർജിക്കാരി താൽപര്യപ്പെടാത്തതിനെ തുടർന്ന് ആയത് വിറ്റ് കല്ലൂർ എന്ന സ്ഥലത്ത് 5(അഞ്ച്) സെൻറ് സ്ഥലം വാങ്ങുവാൻ നിർബന്ധിതനാവുകയാണ് ചെയ്തത്. 11.09.2018 തീയ്യതി വീട്ടിലെ ഭക്ഷണ സാധനങ്ങളും പാത്രങ്ങളും മറ്റും ഒന്നാം എതിർകക്ഷി എറിഞ്ഞ് തകർക്കുകയും ഹർജിക്കാരിയെ ആക്രമിക്കുകയും വീട്ടിലാകെ ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു എന്ന പ്രസ്താവനയും കളവായതിനാൽ നിഷേധിക്കുന്നു. ഹർജിക്കാരിയുടെ വിവാഹ സർട്ടിഫിക്കറ്റ് ഒന്നാം എതൃകക്ഷി കത്തിച്ച സംഭവം ഉണ്ടായിട്ടില്ല. ഒന്നാം എതൃകക്ഷിയുടെ അക്രമത്തിൽ ഹർജിക്കാരിയുടെ വലതു കൈവിരലിന് പരിക്കേൽക്കുകയോ ഹർജിക്കാരി ചികിത്സ തേടുകയോ ചെയ്ത സംഭവം ഉണ്ടായിട്ടില്ല, എന്നാൽ ഹർജിക്കാരിയുടെ കുടുംബവീട്ടിൽ വെച്ച് കൈവിരൽ വാതിലിനടിയിൽപ്പെട്ട് നിസാരമായ പരിക്കേറ്റ സംഭവം ഉണ്ടായിരുന്നു. ഒന്നാം എതൃകക്ഷിയെ മട്ടന്നൂർ പോലീസ് വിളിച്ച് താക്കീത് ചെയ്ത് വിട്ടയച്ച സംഭവം ഉണ്ടായിട്ടില്ല. ഹർജിക്കാരിയും കുട്ടികളും താത്കാലികമായി താമസം മാറ്റിയ സംഭവങ്ങൾ ഉണ്ടായിട്ടില്ല. ഒന്നാം എതൃകക്ഷിയോട്

ഹർജിക്കാരിയുടെ സ്ഥലത്തുനിന്നും മാറി താമസിക്കണമെന്ന് മട്ടന്നൂർ പോലീസ് ആവശ്യപ്പെട്ട സംഭവവും ഉണ്ടായിട്ടില്ല.

**10.** ഹർജിക്കാരിയും മക്കളും താമസിക്കുന്ന വീട് വേറൊരാൾക്ക് വാടകയ്ക്ക് കൊടുക്കുവാനായി ഒഴിഞ്ഞു നൽകണമെന്ന് രണ്ടാം എതൃകക്ഷി ആവശ്യപ്പെട്ടുവെന്നും, ഒഴിഞ്ഞില്ലെങ്കിൽ ഹർജിക്കാരിയുടെ പേരിൽ കേസ് കൊടുക്കുമെന്നും കോടതി കയറ്റുമെന്നും പറഞ്ഞ് ഭീഷണിപ്പെടുത്തിയ സംഭവങ്ങളും ഉണ്ടായിട്ടില്ല. വീട്ടിലെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും, വെള്ളം എടുക്കുന്നത് തടയുകയും, ഹർജിക്കാരിയും മക്കളും വീട്ടിൽ ഇല്ലാത്ത സമയത്ത് രണ്ടാം എതൃകക്ഷിയും കുടുംബവും വീട്ടിലേക്ക് വന്ന് പൂട്ട് പൊളിക്കുകയും, പുതിയ പൂട്ട് സ്ഥാപിച്ച് വീട്ടിലേക്ക് പ്രവേശിക്കുന്നത് തടയുകയും ചെയ്തു എന്ന പ്രസ്താവനകളും കളവാണ്. ഹർജിക്കാരി മക്കളോടൊപ്പം രണ്ടാം എതൃകക്ഷിയുടെ വീട്ടിൽ താമസിച്ചിരുന്നില്ല. ഹർജിക്കാരിയുടെ പിതാവ് കനാൽ റോഡിൽ പുതുതായി ഭവനം എടുത്തതിന് ശേഷമാണ് ആദ്യവീട് കൈമാറിയിരുന്നത്. ഒന്നാം എതൃകക്ഷിക്ക് വിദേശത്ത് ജോലി നഷ്ടമായതിനെ തുടർന്ന് ഹർജിക്കാരി ഒന്നാം എതൃകക്ഷിയുമായി അകാരണമായി വഴക്കിടുക എന്നത് നിത്യ സംഭവമായിരുന്നു. ഒന്നാം എതൃകക്ഷിയുടെ വരുമാനത്തിനൊത്ത് ലളിത ജീവിതം നയിക്കുവാൻ ഹർജിക്കാരി തയ്യാറായിരുന്നില്ല. രണ്ടാം എതൃകക്ഷിയുടെ ഉടമസ്ഥതയിലുള്ള വീടിന്റെയും സ്ഥലത്തിന്റെയും ഓഹരി അവകാശം ഹർജിക്കാരിയുടെ പേരിൽ എഴുതി നൽകണമെന്ന് ആവശ്യപ്പെട്ട് ഒന്നാം എതൃകക്ഷിയെ മാനസികമായി പീഡിപ്പിക്കുന്നത് നിത്യ സംഭവമായിരുന്നു. ആയതിന് രണ്ടാം എതൃകക്ഷിയും ഭർത്താവും മകനും സന്നദ്ധമാകാതിരുന്നതിനാൽ ഹർജിക്കാരിക്ക് എതൃകക്ഷികളോടും മറ്റും വെറുപ്പുണ്ടായിരുന്നു. 30.06.2020 തീയ്യതി സുമാർ 05:30 മണി സമയത്ത് രണ്ടാം എതൃകക്ഷി ഭർത്താവിനോടും മകൻ ജസ്മീറിനൊടൊപ്പം താമസിക്കുന്ന വീടും പരിസരവും വൃത്തിയാക്കുന്ന സമയം ഹർജിക്കാരി വീട്ടിൽ അതിക്രമിച്ചു കയറി സ്വത്ത് നൽകിയില്ലെങ്കിൽ എതൃകക്ഷികളേയും, രണ്ടാം എതൃകക്ഷിയുടെ ഭർത്താവിനേയും, മകനേയും മറ്റ് കുടുംബാംഗങ്ങളേയും സ്വൈര്യമായി ജീവിക്കാൻ അനുവദിക്കില്ല എന്നും മറ്റും ആക്രോശിച്ച് ഭീഷിണിപ്പെടുത്തുകയും, കിണറിന്റെ

തൊട്ടിയും കയറും എടുത്ത് കിണറ്റിൽ എറിയുകയും ചെയ്തു. രണ്ടാം എതൃകക്ഷിയും മറ്റ് കുടുംബാംഗങ്ങളും വീട്ടിൽ ഇല്ലാത്ത അവസരത്തിൽ ഹർജിക്കാരി വീട്ടിൽ അതിക്രമിച്ച് കയറി വീടിന്റെ താക്കോൽ അടിച്ച് പൊട്ടിച്ച് വേറെ താഴിട്ട് പൂട്ടുകയും, വാതിലിന്റെ താക്കോലുകൾ നശിപ്പിക്കുകയും കിടക്കകൾ പോലും കത്തിക്കുകയും നശിപ്പിക്കുകയും ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇക്കാരണങ്ങളാൽ രണ്ടാം എതൃകക്ഷി 01.07.2020 തീയ്യതി മട്ടന്നൂർ പോലീസ് സ്റ്റേഷനിൽ രേഖാമൂലമുള്ള പരാതി നൽകിയിട്ടുള്ളതാണ്. രണ്ടാം എതൃകക്ഷി ഹർജിക്കാരിയെ പ്രതി ചേർത്ത് ബഹു: കൂത്തുപറമ്പ മുൻസിഫ് കോടതി മുമ്പാകെ ***O.S.No.268/2020*** ആയി അന്യായം ബോധിപ്പിക്കുകയും, ആയതിലെ ഇടക്കാല ഉത്തരവ് പ്രകാരം രണ്ടാം എതൃകക്ഷിയുടെ വീടിനും സ്വത്തുവകകൾക്കും നാശനഷ്ടങ്ങൾ വരുത്തുന്നതിൽ നിന്ന് ഹർജിക്കാരിയെ തടഞ്ഞു കൊണ്ട് 25.08.2020 തീയ്യതി ഉത്തരവായിട്ടുള്ളതാണ്. ഹർജിക്കാരിക്കെതിരെ പരാതികളും അന്യായവും ബോധിപ്പിച്ചതിലുള്ള വിരോധത്താലാണ് മേൽ അപേക്ഷ ബോധിപ്പിച്ചിട്ടുള്ളത്.

**11.** ഹർജിക്കാരി ഇപ്പോൾ മാതാപിതാക്കളോടൊപ്പം കാവുംപടി എന്ന സ്ഥലത്താണ് താമസിക്കുന്നത്. ഹർജിക്കാരിക്ക് മട്ടന്നൂരുള്ള 'ഗാന ജ്വല്ലറി' എന്ന സ്ഥാപനത്തിലെ തൊഴിലിൽ നിന്നും പ്രതിമാസം Rs.30,000/- (മുപ്പതിനായിരം രൂപ) വരുമാനം ഉണ്ട്. ഒന്നാം എതൃകക്ഷിക്ക് കുശാൽ നഗറിൽ ബിസിനസ്സോ, സ്വന്തമായ ഭൂമിയോ മറ്റ് വരുമാന മാർഗ്ഗങ്ങളോ ഇല്ല. ഒന്നാം എതൃകക്ഷിക്ക് കോളാരി വില്ലേജിൽ റി.സ.33/101ൽ ഉള്ള 5 സെന്റ് പുരയിടം അല്ലാതെ മറ്റ് ഭൂസ്വത്തുക്കളൊന്നും ഇല്ല. *'ജാസ്മിനാസ്'* എന്ന ഭവനം രണ്ടാം എതൃകക്ഷിയുടെ ഉടമസ്ഥതയിലാണ്. ആയതിൽ ഹർജിക്കാരിക്കും ഒന്നാം എതൃകക്ഷിക്കും യാതൊരു വിധ അവകാശവും ഇല്ല. ഹർജിക്കാരിയെ പ്രസ്തുത ഭവനത്തിൽ താമസിക്കുവാൻ അനുവദിക്കുന്ന പക്ഷം വാർദ്ധക്യ സഹജമായ പലവിധ രോഗങ്ങൾ മൂലം കഷ്ടപ്പെടുന്ന രണ്ടാം എതൃകക്ഷിയുടെ സ്വൈര്യ ജീവിതത്തിന് വലിയ തോതിലുള്ള പ്രയാസങ്ങൾ സംഭവിക്കുന്നതും രണ്ടാം എതൃകക്ഷിക്ക് അപരിഹാര്യമായ കഷ്ടനഷ്ടങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും കാരണമാകുന്നതുമാണ്. മതിയായ വാസസ്ഥലമുള്ള ഹർജിക്കാരിക്ക് മറ്റൊരു വീടിന്റെ ആവശ്യമില്ല.

ആയതിനാൽ മേൽ അപേക്ഷ തള്ളി ഉത്തരവുണ്ടാകണം.

12. <u>മേൽ വ്യവഹാരത്തിന്റെ ഒരു സംക്ഷിപ്ത ചരിത്രം</u> :-

മേൽ വ്യവഹാരത്തിലെ എതൃകക്ഷികളുടെ നടത്തിപ്പിന്റെയും *(Conduct of the Respondents)* മറ്റു സാഹചര്യങ്ങളുടെയും പശ്ചാത്തലത്തിൽ ***M.C.No.11/2020*** കേസിന്റെ മുഴുവൻ ചരിത്രവും കാലക്രമത്തിൽ സംക്ഷിപ്തമായി ഈ ഉത്തരവിൽ പ്രത്യേകം പരാമർശിക്കുന്നത് ഉചിതമായിരിക്കും എന്നാണ് ഈ കോടതിയുടെ അഭിപ്രായം. മേൽ അപേക്ഷ ബഹു:മട്ടന്നൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് ***M.C.No.37/2020*** ആയി ഫയലിൽ എടുത്ത് എതൃകക്ഷികൾക്ക് <u>*13.10.2020*</u> തീയ്യതി നോട്ടീസ് അയക്കുകയും, <u>*27.10.2020*</u> തീയ്യതി എതൃകക്ഷികൾ ആദ്യമായി ഈ കേസിൽ ഹാജരാവുകയും ചെയ്തു. മേൽ അപേക്ഷയോടൊപ്പം ഹർജിക്കാരി ബോധിപ്പിച്ച ***Crl.M.P. No. 1092/2020*** (Interim Application) ഇടക്കാല അപേക്ഷയിന്മേൽ, ഇരുകക്ഷികളുടെയും വാദങ്ങൾ കേട്ട ശേഷം ബഹു: മജിസ്ട്രേറ്റ് 12.02.2021 തീയ്യതി ഹർജിക്കാരിക്ക് അനുകൂലമായി ഒരു ഇടക്കാല ഉത്തരവും പുറപ്പെടുവിച്ചു. ആയത് പ്രകാരം ഒന്നാം എതിർകക്ഷിയോടു പ്രതിമാസം Rs.3,000/- (മുവായിരം രൂപ) ജീവനാംശമായി ഹർജിക്കാരിക്ക് അനുവദിച്ചിരുന്നു. ആയതിൽ യാതൊരു സംഖ്യയും നാളിതുവരെ ഒന്നാം എതിർകക്ഷി നൽകിയില്ല.

**13.** തുടർന്ന് മേൽ അപേക്ഷയിന്മേൽ (Main Application) എതൃകക്ഷികൾ മറുപടി ആക്ഷേപം (Counter) ബോധിപ്പിക്കാതിരുന്നതിനാൽ ബഹു:മജിസ്ട്രേറ്റ്, മറുപടി ആക്ഷേപം ബോധിപ്പിക്കുന്നതിനായി <u>*29.03.2021, 09.11.2021, 04.03.2022, 16.05.2022*</u> ദിവസങ്ങളിൽ എതൃകക്ഷികൾക്ക് അവസരം നൽകിയിരുന്നു. പ്രസ്തുത തീയ്യതികളിൽ ഒന്നും മറുപടി ആക്ഷേപം (Counter) ബോധിപ്പിക്കാതെ മേൽ അപേക്ഷയിന്മേലുള്ള നടപടിക്രമങ്ങൾ വൈകിപ്പിച്ച് എതൃകക്ഷികൾ കോടതി നടപടിക്രമങ്ങളുടെ ദുരുപയോഗം *(Abuse of the 'Process of Court')* നടത്തി എന്നാണ് ഈ കോടതിയുടെ അഭിപ്രായം. തുടർന്ന് <u>*23.05.2022*</u> തീയ്യതി മറുപടി ആക്ഷേപം ബോധിച്ചതിനു ശേഷമാണ് മേൽ വ്യവഹാരം തെളിവെടുപ്പിനായി വെച്ചത്. എന്നാൽ ഹർജിക്കാരി തെളിവെടുപ്പിനായി തയ്യാറായി <u>*23.12.2022*</u> തീയ്യതി

കോടതിയിൽ ഹാജരായെങ്കിലും, എതിർവിസ്താരിക്കാൻ തയ്യാറാവാതെ എതിർഭാഗം മേൽ കേസ് മാറ്റിവെക്കാൻ ആവശ്യപ്പെടുകയും, ബഹു:മജിസ്ട്രേറ്റ് Rs.500/- (അഞ്ഞൂറ് രൂപ) ചിലവ് *(Cost)* ചുമത്തി തെളിവെടുപ്പ് മാറ്റിവെക്കുകയുമായിരുന്നു. തുടർന്ന് 14.02.2023, 10.07.2023, 01.08.2024 തീയ്യതികളിൽ എതിർവിസ്താരത്തിനായി ഹർജിക്കാരി കോടതിയിൽ ഹാജരായെങ്കിലും എതിർഭാഗം അഭിഭാഷകൻ ഹർജിക്കാരിയെ വിസ്തരിച്ചില്ല. ഒടുവിൽ അവസാന അവസരം എന്ന നിലയിൽ 10.10.2024 തീയ്യതി എതിർഭാഗം അഭിഭാഷകന് തെളിവെടുപ്പിനായി അവസരം നൽകിയിരുന്നു. അന്നേ ദിവസം തെളിവ് നല്ലുവാനായി ഹർജിക്കാരി വീണ്ടും കോടതിയിൽ നേരിട്ട് ഹാജരാവുകയും ചെയ്തു. എന്നാൽ അന്നേ ദിവസവും എതിർവിസ്താരത്തിനായി അവധി അപേക്ഷിച്ചതിൽ ബഹു: മജിസ്ട്രേറ്റ് Rs.3,000/- (മൂവായിരം രൂപ) ചിലവ് *(Cost)* ചുമത്തി വീണ്ടും തെളിവെടുപ്പ് മാറ്റിവെക്കുകയുമായിരുന്നു. തുടർന്ന് 11.11.2024 തീയ്യതി ഹർജിക്കാരി വീണ്ടും ഹാജരായെങ്കിലും എതിർഭാഗം അഭിഭാഷകൻ എതിർവിസ്തരിക്കാൻ തയ്യാറായില്ല. തുടർന്ന് 16.12.2024 തീയ്യതി എതിർവിസ്താരത്തിനായി കോടതി മേൽ വ്യവഹാരം പരിഗണിച്ചപ്പോൾ എതിർഭാഗം വക്കാലത്ത് ഉണ്ടായിരുന്ന അഭിഭാഷകൻ **അഡ്വ: ജോഷി ജോസ്** കോടതി മുമ്പാകെ *'No Instructions'* ബോധിപ്പിക്കുകയായിരുന്നു. ആയതിനെ തുടർന്ന് കോടതി വീണ്ടും എതൃകക്ഷികൾക്ക് നോട്ടീസ് അയക്കാൻ തീരുമാനിക്കുകയും, ഒന്നാം എതൃകക്ഷി നോട്ടീസ് കൈപ്പറ്റിയിട്ടും കോടതിയിൽ ഹാജരാവത്തതിനാൽ 10.03.2025 തീയ്യതി ഒന്നാം എതൃകക്ഷിയുടെ അഭാവത്തിൽ *ex parte* ആയി മേൽ അപേക്ഷ പരിഗണിക്കാൻ തീരുമാനിച്ചു ഉത്തരവായിരുന്നു. തുടർന്ന് 31.10.2025 തീയ്യതി മേൽ വ്യവഹാരം ബഹു: തലശ്ശേരി ജില്ലാ ജഡ്ജിന്റെ ഉത്തരവ് പ്രകാരം *(Order No. DCTLY/1023/2025-AS-DJ-TLY KNR dated 28.10.2025)* ഈ ഗ്രാമ ന്യായാലയിലേക്ക് Transfer ചെയ്യുകയുമായിരുന്നു.

**14.** മേൽ കേസിന്റെ എല്ലാ രേഖകളും ലഭിച്ച ശേഷം, ആയത് പരിശോധിച്ച് ***M.C. No. 11/2020*** ആയി ഈ കോടതിയുടെ ഫയലിൽ എടുത്തിട്ടുള്ളതും, ഇരുകക്ഷികളും ഹാജരാവത്തത് മൂലം വീണ്ടും പുതിയ നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതുമായിരുന്നു. എന്നാൽ നോട്ടീസ് ലഭിച്ചിട്ടും രണ്ടാം എതൃകക്ഷി കോടതിയിൽ

ഹാജരാവത്തതിനാൽ <u>*24.01.2026*</u> തീയ്യതി രണ്ടാം എതൃകക്ഷിയുടെ അഭാവത്തിൽ *ex parte* ആയി മേൽ അപേക്ഷ പരിഗണിക്കാൻ തീരുമാനിച്ചു ഉത്തരവായിരുന്നു. തുടർന്ന് ഹർജിക്കാരിയുടെ തെളിവെടുപ്പിനായി <u>*07.02.2026*</u> തീയ്യതി മേൽ കേസ് പരിഗണിച്ചപ്പോൾ രണ്ടാം എതൃകക്ഷി, നേരത്തെ 'No instructions' ബോധിപ്പിച്ച അതേ അഭിഭാഷകൻ **അഡ്വ: ജോഷി ജോസ്** മുഖാന്തരം പുതിയ വക്കാലത്ത് സമർപ്പിച്ച് കോടതിയിൽ നേരിട്ട് ഹാജരാവുകയും 24.01.2026ലെ രണ്ടാം എതൃകക്ഷിക്കെതിരെ പുറപ്പെടുവിച്ച *ex parte* ഉത്തരവു set aside ചെയ്യണം എന്ന് ആവശ്യപ്പെട്ടു **Crl.M.P. 1/2026** ആയി ഒരു ഇടക്കാല അപേക്ഷ ബോധിപ്പിക്കുകയും ചെയ്തു. പ്രസ്തുത അപേക്ഷ മേൽ വ്യവഹാരത്തിൽ ഹർജിക്കാരിക്ക് ലഭിക്കാൻ സാധ്യതയുള്ള നിവൃത്തികൾ വൈകിപ്പിക്കാനും, കോടതി നടപടിക്രമങ്ങൾ ദുരുപയോഗം ചെയ്യാനും വേണ്ടി ആണ് എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇരുകക്ഷികളുടെയും വാദം കേട്ട ശേഷം <u>*26.02.2026*</u> തീയ്യതി ഈ കോടതി തള്ളി ഉത്തരവാവുകയും ചെയ്തതാണ്.

**15**. കേസ് തെളിയിക്കുന്നതിനായി ഹർജിഭാഗം തെളിവിലേക്കായി ഹർജിക്കാരിയെ **PW1** ആയി വിസ്തരിച്ചു. **Ext.P1** മുതൽ **Ext.P3** രേഖകൾ മാർക്ക് ചെയ്തു.

**16.** ഹർജിഭാഗം അഭിഭാഷകന്റെ വാദം കേട്ടു. അപേക്ഷയും അതോടനുബന്ധിച്ച് ബോധിപ്പിച്ച സത്യവാങ്മൂലവും മറ്റു രേഖകളും പരിശോധിച്ചു.

**17**. <u>മേൽ വ്യവഹാരത്തിന്റെ അന്തിമ നിർണ്ണയത്തിനായി താഴെ പറയുന്ന പോയിന്റുകൾ പരിഗണിച്ചു</u>:-

*(i) ഹർജിക്കാരിക്ക് എതൃകക്ഷികളിൽ നിന്നും അപേക്ഷയിൽ പ്രസ്താവിക്കുന്ന വിധമുള്ള 'ഗാർഹിക പീഡനം' അതിജീവിക്കേണ്ടി വന്നിട്ടുണ്ടോ?*

*(ii) അപേക്ഷയിൽ ആവശ്യപ്പെട്ടപ്രകാരം എതൃകക്ഷികൾ പീഢിപ്പിക്കുന്നത് തടഞ്ഞ് 2005ലെ നിയമത്തിലെ വകുപ്പ് 18 പ്രകാരമുള്ള ഒരു സംരക്ഷണ ഉത്തരവിന് ഹർജിക്കാരി അർഹയാണോ?*

***(iii)*** *അപേക്ഷയിൽ ആവശ്യപ്പെട്ടപ്രകാരം മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ 25ാം വാർഡിൽ സ്ഥിതി ചെയ്യുന്ന 'ജസ്സീനാസ്' എന്ന ഭവനത്തിൽ ഹർജിക്കാരിക്ക് തുടർന്ന് താമസിക്കാനും, ഹർജിക്കാരിയെ എതൃകക്ഷികൾ ഒഴിപ്പിക്കുകയോ ശല്യപെടുത്തുകയോ, സുഗമമായ താമസത്തിന് തടസ്സം വരുത്തുന്ന രീതിയിൽ പ്രവർത്തിക്കുന്നതോ ചെയ്യുന്നത് തടഞ്ഞ് ഒരു പാർപ്പിട ഉത്തരവ് ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയുണ്ടോ? അല്ലാത്തപക്ഷം ഹർജിക്കാരിക്ക് താമസിക്കുന്നതിന് ഒരു വീട് എടുത്ത് നൽകുന്നതിനും ആയതിന്റെ വാടക നൽകുന്നതിനും ഒന്നാം എതൃകക്ഷിയോട് കല്പിച്ചുകൊണ്ട് ഒരു പാർപ്പിട ഉത്തരവ് ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയുണ്ടോ?*

***(iv)*** *അപേക്ഷയിൽ ആവശ്യപ്പെട്ടപ്രകാരം ഹർജിക്കാരിക്ക് എതൃകക്ഷിയിൽ നിന്നും പ്രതിമാസം Rs.15,000/- (പതിനയ്യായിരം രൂപ) ജീവനാംശമായി ലഭിക്കാൻ അർഹതയുണ്ടോ?*

***(v)*** *അപേക്ഷയിൽ ആവശ്യപ്പെട്ടപ്രകാരം ഹർജിക്കാരിയിൽ നിന്നും കൈക്കലാക്കിയ 100 (നൂറ് ) പവൻ സ്വർണ്ണാഭരണങ്ങൾ ഒന്നാം എതൃകക്ഷിയോട് തിരികെ നൽകാൻ കൽപ്പിച്ചു കൊണ്ട് ഒരു ഉത്തരവ് ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയുണ്ടോ?*

***(vi)*** *അപേക്ഷയിൽ ആവശ്യപ്പെട്ടപ്രകാരം ഹർജിക്കാരിക്ക് 2005ലെ നിയമത്തിലെ വകുപ്പ് 22 പ്രകാരം നഷ്ടപരിഹാരമായി Rs.10,00,000/- (പത്ത് ലക്ഷം രൂപ) നൽകുവാൻ എതിർകക്ഷികളോടു കൽപ്പിച്ചു കൊണ്ട് ഒരു ഉത്തരവിന് അർഹതയുണ്ടോ?*

***(vii)*** *എന്ത് ഉത്തരവുകളാണ് പുറപ്പെടുവിക്കേണ്ടത് ?*

**18.** <u>**പോയിന്റ്**</u> <u>(i) & (ii)</u>:- സൗകര്യാർത്ഥം മേൽ സംഗതികൾ ഒരുമിച്ച് പരിഗണിക്കുന്നതാണ്. ഹർജിക്കാരിക്ക് എതൃകക്ഷികളിൽ നിന്നും ഗാർഹിക പീഡനം അതിജീവിക്കേണ്ടി വന്നുവെന്നും, ആയതിനാൽ എതൃകക്ഷികളിൽ നിന്നുമുള്ള ഗാർഹിക പീഢനങ്ങളിൽ നിന്നും ഹർജിക്കാരിക്ക് സംരക്ഷണം ലഭിക്കണം എന്നാണ് മേൽ അപേക്ഷയിലെ പ്രധാന നിവൃത്തി. ഹർജിക്കാരിയുടെ ഭർത്താവും, ഭർതൃമാതാവും ആണ് ഒന്നും രണ്ടും എതൃകക്ഷികൾ. എതൃകക്ഷികൾ മേൽ അപേക്ഷയിന്മേൽ മറുപടി ആക്ഷേപം

രേഖാമൂലം ബോധിപ്പിച്ചിരുന്നുവെങ്കിലും, തുടർനടപടികളിൽ ഹാജരാവാത്തത് മൂലം എതൃകക്ഷികളുടെ അഭാവത്തിൽ *ex parte* ആയി മേൽ അപേക്ഷ പരിഗണിക്കാൻ തീരുമാനിച്ചു ഉത്തരവായതുമാണ്.***(Para 12 to 14)*** അപേക്ഷയിലെ വസ്തുതകൾക്ക് അനുസൃതമായി ഒന്നാം ഹർജിക്കാരി PW1 ആയി കോടതി മുമ്പാകെ സത്യവാങ്മൂലം മുഖാന്തരം തെളിവ് നൽകി. ആയത് കൂടാതെ Ext.P1 മുതൽ P3 രേഖകൾ ഹാജരാക്കുകയും ചെയ്തു. ഒന്നാം ഹർജിക്കാരിയുടെ ആസ്തി-ബാദ്ധ്യത വിവരങ്ങൾ അടങ്ങിയ സത്യവാങ്മൂലവും കോടതിയിൽ സമർപ്പിച്ചു. ആയതിൽ നിന്നും പ്രഥമാ ദൃഷ്ട്യാ ഹർജിക്കാർ എതൃകക്ഷിയിൽ നിന്നും ഗാർഹിക പീഡനം അതിജീവിച്ചുവെന്നാണ് ഈ കോടതിയുടെ അഭിപ്രായം. കൽപനകൾ നൽകിയിട്ടും തെളിവുകൾ നല്കുവാൻ തയ്യാറാകാതെ കോടതി നടപടിക്രമങ്ങൾ ദുരുപയോഗം ചെയ്യുക മാത്രമാണ് എതിർകക്ഷികൾ 2020 വർഷം മുതൽ മേൽ വ്യവഹാരത്തിൽ ചെയ്തു വന്നത്. ഹർജിഭാഗം നൽകിയ തെളിവുകളെ ഗണിക്കുന്ന യാതൊന്നും തന്നെ കോടതി മുമ്പാകെ ആയതിനാൽ ഇപ്പോൾ നിലവിൽ ഇല്ല. PW1 നൽകിയ മൊഴി പ്രകാരം 2005ലെ നിയമത്തിലെ 2(f) വകുപ്പ് പ്രകാരമുള്ള 'ഗാർഹിക ബന്ധുത്വം' *(Domestic Relationship)* ഹരജിക്കാരിയും എതൃകക്ഷികളും തമ്മിൽ നിലനിൽക്കുന്നുണ്ടെന്നും, അതേ നിയമത്തിലെ 2(s) വകുപ്പ് പ്രകാരം ഹരജിക്കാരിയും എതൃകക്ഷികളും *'Shared Household'*ന് കീഴിൽ ഒരുമിച്ച് താമസിച്ചിരുന്നുവെന്നും കോടതിക്ക് ബോധ്യപ്പെട്ടിരിക്കുന്നു. എതൃകക്ഷികൾ ഹരജിക്കാരിയെ പീഡനത്തിന് വിധേയമാക്കിയിട്ടുണ്ടെന്ന് പ്രഥമദൃഷ്ട്യാ സ്ഥാപിക്കാൻ PW1ന്റെ വാക്കാലുള്ള മൊഴി തന്നെ പര്യാപ്തമാണ്. ആയതിനു പുറമെ ഒന്നാം എതിർകക്ഷിയുടെ ശാരീരിക പീഡനം മൂലം ചികിത്സ തേടിയതിന്റെ അസ്സൽ രേഖ Ext.P1 ആയി തെളിവിലേക്ക് ഹാജരാക്കിയിട്ടുമുണ്ട്. ഹർജിക്കാരിയുടെ മൊഴികളെ അവിശ്വസിക്കത്തക്ക യാതൊരു തെളിവുകളും ഈ കോടതി മുമ്പാകെ എതിർഭാഗം ഹാജരാക്കിയിട്ടില്ല താനും. എതൃകക്ഷികളുടെ പ്രവർത്തികൾ 2005ലെ നിയമത്തിലെ 3ാം വകുപ്പ് പ്രകാരം 'ഗാർഹിക പീഡനം' എന്ന നിർവചനത്തിന്റെ പരിധിയിൽ വരുന്നതാണെന്ന് ഈ കോടതി കണ്ടെത്തുന്നു. പ്രസ്തുത നിയമപ്രകാരം അതിജീവിതയെ ശാരീരികമായോ, ലൈംഗികമായോ, വാക്കാലോ, വൈകാരികമായോ, ധനപരമായോ ഉള്ള അപമാനത്തിന്

കാരണമാകുന്നതും, ശാരീരികവും മാനസികവുമായുള്ള ആരോഗ്യം, സുരക്ഷാ, ജീവൻ, അവയവം, സ്വസ്ഥത എന്നിവ ക്ഷതപ്പെടുത്തുന്നതോ / അപകടപ്പെടുത്തുന്നതോ ആയ രീതിയിലുള്ള പ്രവൃത്തിയോ / പെരുമാറ്റമോ എതൃകക്ഷികളുടെ പക്കൽ നിന്നും ഉണ്ടാവുകയാണെങ്കിൽ, സംരംക്ഷണ ഉത്തരവ് ലഭിക്കാൻ അതിജീവിതയ്ക്ക് അർഹതയുണ്ട്. മാത്രവുമല്ല, ആവശ്യപ്പെട്ട പ്രകാരമുള്ള നിവൃത്തി അനുവദിച്ചില്ലെങ്കിൽ, ഹർജിക്കാരി വീണ്ടും ഗാർഹിക പീഡനത്തിന് ഇരയാകാൻ സാധ്യതയുണ്ടെന്നുമാണ് കോടതിയുടെ അഭിപ്രായം. ഹരജിക്കാരിക്ക് നിയമം അനുശാസിക്കുന്ന 18ാം വകുപ്പ് പ്രകാരമുള്ള ഒരു സംരക്ഷണ ഉത്തരവിന് അർഹതയുണ്ടെന്ന് ഇക്കാരണങ്ങളാൽ ഈ കോടതി കണ്ടെത്തുന്നു. ഇപ്രകാരം മേൽ പോയിന്റുകൾ ഹർജിക്കാരിക്ക് അനുകൂലമായി കണ്ടെത്തിയിരിക്കുന്നു. ഹർജിക്കാരിക്ക് ഭാവിയിലും ഏതെങ്കിലും വിധേന എതൃകക്ഷികളിൽ നിന്നും 'ഗാർഹിക പീഡനം' നേരിടേണ്ടി വരില്ല എന്ന് ഉറപ്പ് വരുത്തുന്നതിനായി 2005ലെ നിയമത്തിലെ 18ാം വകുപ്പ് പ്രകാരം ഹർജിക്കാരിയെ ഏതെങ്കിലും പ്രവർത്തികൊണ്ട് ഗാർഹിക പീഡനത്തിന്റെ നിർവചനത്തിൽ വരുന്ന ശാരീരിക ദുരുപയോഗമോ, സാമ്പത്തിക ദുരുപയോഗമോ, മറ്റു വാക്കാലും വൈകാരികമായുമുള്ള ദുരുപയോഗത്തിനോ വിധേയമാക്കുന്നതിൽ നിന്നും എതൃകക്ഷികളെ വിലക്കി ഉത്തരവാകുന്നു.

19. <u>പോയിന്റ് (iii)</u> :- മട്ടന്നൂർ മുൻസിപ്പാലിറ്റിയിലെ 25ാം വാർഡിൽ സ്ഥിതി ചെയ്യുന്ന *'ജസ്റ്റിനാസ്'* എന്ന ഭവനത്തിൽ ഹർജിക്കാരിക്ക് തുടർന്ന് താമസിച്ച് വരുവാനും, ഹർജിക്കാരിയെ പ്രസ്തുത വീട്ടിൽ നിന്നും ഒഴിപ്പിക്കുകയോ ശല്യപെടുത്തുകയോ ഹർജിക്കാരിയുടെ സുഗമമായ താമസത്തിന് തടസ്സം വരുത്തുന്ന രീതിയിൽ എതൃകക്ഷികൾ പ്രവർത്തിക്കുന്നതിൽ നിന്നും തടഞ്ഞുകൊണ്ട് ഒരു ഉത്തരവു ഉണ്ടാകണമെന്നാണ് അപേക്ഷയിൽ മറ്റൊരു നിവൃത്തിയായി ആവശ്യപ്പെട്ടിരിക്കുന്നത്. പ്രസ്തുത നിവൃത്തി അനുവദിക്കാത്തപക്ഷം, ആയതിന് ബദലായി ഹർജിക്കാരിക്ക് താമസിക്കുന്നതിന് വേണ്ടി ഒരു വീട് എടുത്ത് നൽകുന്നതിനും, ആയതിന്റെ വാടക ഒന്നാം എതൃകക്ഷിയോട് നൽകുവാൻ കല്പിച്ചുകൊണ്ട് ഒരു ഉത്തരവ് ഉണ്ടാകണം എന്നാണ് ആവശ്യം.

അപേക്ഷയിൽ പ്രസ്താവിച്ച ഗാർഹിക പീഡനങ്ങൾ പോയിന്റ്(i)ലെ ഈ കോടതിയുടെ കണ്ടെത്തലുകളുടേയും നിരീക്ഷണങ്ങളുടേയും അടിസ്ഥാനത്തിൽ ഹർജിഭാഗം സ്ഥാപിച്ചതുമാണ്. ഒരു 'shared household'ൽ താമസിക്കാനുള്ള സ്ത്രീയുടെ അവകാശം 2005ലെ നിയമത്തിലെ 17ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം നിലവിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ പറഞ്ഞാലും, ഒരു ഗാർഹിക ബന്ധുത്വത്തിലുള്ള ഓരോ സ്ത്രീക്കും 'shared household'ൽ താമസിക്കാൻ അവകാശമുണ്ട്. പ്രസ്തുത വസ്തുവിൽ എന്തെങ്കിലും അവകാശമോ, ഉടമസ്ഥാവകാശമോ, ഗുണപരമായ താൽപ്പര്യമോ ഉണ്ടെങ്കിലും ഇല്ലെങ്കിലും കൂടി ആയത് 2005ലെ നിയമത്തിൽ അനുവദിച്ചു കൊടുത്തിട്ടുള്ളതുമാണ്. മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ 25ാം വാർഡിൽ സ്ഥിതി ചെയ്യുന്ന '*ജസ്മിനാസ്*' എന്ന ഭവനത്തിൽ വെച്ച് ഹർജിക്കാരിക്ക് എതൃകക്ഷികളിൽ നിന്നും ഗാർഹിക പീഡനങ്ങൾ അതിജീവിക്കേണ്ടി വന്നുവെന്ന് അപേക്ഷയിൽ നിന്നും, PW1 നൽകിയ തെളിവുകളിൽ നിന്നും മതിയായി സ്ഥാപിച്ചു എന്നാണ് ഈ കോടതിയുടെ അഭിപ്രായം. ആയതിനാൽ തന്നെ പ്രസ്തുത വീട് 2005ലെ നിയമത്തിലെ വകുപ്പ് 2(s) നിർവചിക്കുന്ന 'shared household'ന്റെ പരിധിയിൽ വരുന്നതുമാണ്. പ്രസ്തുത വീടും വസ്തുവും രണ്ടാം എതൃകക്ഷിയുടെ ഉടമസ്ഥതയിൽ ഉള്ളതാണ് എന്ന വസ്തുത തർക്കത്തിലില്ല. എന്നാൽ രണ്ടാം എതൃകക്ഷിയും കുടുംബവും നിരന്തരം ഈ വീട്ടിൽ വരികയും ഹർജിക്കാരിയേയും മക്കളേയും ഭീഷണിപ്പെടുത്തുകയും, പലപ്പോഴായി വീട്ടിലെ വൈദ്യുതി വിച്ഛേദിക്കുകയും, വെള്ളം എടുക്കുന്നത് തടയുകയും ചെയ്തുവെന്നാണ് PW1 തെളിവ് നൽകിയിരിക്കുന്നത്. ആയത് കൂടാതെ പലപ്പോഴായി ഹർജിക്കാരിയും മക്കളും വീട്ടിലില്ലാത്ത സമയം രണ്ടാം എതൃകക്ഷിയും കുടുംബവും വീട്ടിൽ വന്ന് പൂട്ട് പൊളിക്കുകയും, പകരം പുതിയ പൂട്ട് സ്ഥാപിച്ച് വീട്ടിലേക്ക് പ്രവേശിക്കുന്നതിൽ നിന്നും ഹർജിക്കാരിയേയും മക്കളേയും തടഞ്ഞു എന്നും തെളിവ് നൽകിയിട്ടുണ്ട്. രണ്ടാം എതൃകക്ഷിയുടെ ഇത്തരം പ്രവർത്തികൾ 2005ലെ നിയമത്തിലെ 3ാം വകുപ്പിന്റെ *'Explanation I (iv)'* നിർവചിക്കുന്ന സാമ്പത്തിക ദുരുപയോഗത്തിന്റെ' പരിധിയിൽ വരുന്നതാണെന്നാണ് ഈ കോടതിയുടെ അഭിപ്രായം. പ്രസ്തുത വീട്ടിൽ വെച്ച് ഹർജിക്കാരി ഗാർഹിക പീഡനം അതിജീവിക്കേണ്ടി വന്നുവെന്ന്

കണ്ടെത്തിയതിനാൽ തന്നെ, 2005ലെ നിയമത്തിലെ വകുപ്പ് 19(1)[a] പ്രകാരം ഒരു പാർപ്പിട ഉത്തരവ് ഈ വീടുമായി ബന്ധപ്പെട്ട് ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയുണ്ട്. 2005ലെ നിയമപ്രകാരം ഈ വീട്ടിൽ വെച്ച് ഗാർഹിക പീഡനം നടന്നിട്ടുണ്ടോ എന്ന് അന്വേഷിക്കുക മാത്രമാണ് ഈ കോടതിയുടെ അധികാര പരിധി. ഹർജിക്കാരിക്കു പ്രസ്തുത വീട്ടിൽ ഉടമസ്ഥാവകാശം ഉണ്ടോ ഇല്ലയോ എന്നതിന് 2005ലെ നിയമം പ്രകാരം പ്രസക്തി ഇല്ലതാനും. ആവശ്യപ്പെട്ട പ്രകാരമുള്ള ഒരു പാർപ്പിട ഉത്തരവ് ആയത് സംബന്ധിച്ച് പുറപ്പെടുവിക്കുന്നതാണ് ഉചിതവും ന്യായവും എന്ന് ഈ കോടതി അഭിപ്രായപ്പെടുന്നു. ഇത്തരത്തിലുള്ള ഒരു പാർപ്പിട ഉത്തരവു ഹർജിക്കാരിയുടെ മൊത്തം സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യും. ആയതിനാൽ മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ 25ാം വാർഡിൽ സ്ഥിതി ചെയ്യുന്ന 'ജസ്റ്റിനാസ്' എന്ന ഭവനത്തിൽ ഹർജിക്കാരിക്ക് തുടർന്ന് താമസിച്ച് വരുവാനും, ഹർജിക്കാരിയെ പ്രസ്തുത വീട്ടിൽ നിന്നും ഒഴിപ്പിക്കുകയോ ശല്യപെടുത്തുകയോ ഹർജിക്കാരിയുടെ സുഗമമായ താമസത്തിന് ഏതെങ്കിലും മാർഗ്ഗത്തിലൂടെ തടസ്സം വരുത്തുന്ന രീതിയിൽ എതൃകക്ഷികൾ പ്രവർത്തിക്കുന്നതും തടഞ്ഞുകൊണ്ട് ഒരു പാർപ്പിട ഉത്തരവ് ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയുണ്ടെന്ന് ഈ കോടതി കണ്ടെത്തുന്നു.

**20.** അപേക്ഷയിൽ ആവശ്യപ്പെട്ട പ്രകാരം പ്രസ്തുത വീട്ടിൽ താമസിക്കാനുള്ള നിവൃത്തി അനുവദിച്ചതിനാൽ തന്നെ, ബദലായി ഹർജിക്കാരി ആവശ്യപ്പെട്ട പ്രകാരം മറ്റൊരു വീട് എടുത്തു നല്കുവാനോ, ആയതിന്റെ വാടക നൽകുവാൻ ഒന്നാം എതൃകക്ഷിയോടു കല്പിച്ചു കൊണ്ടോ ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതില്ല എന്നാണ് ഈ കോടതിയുടെ അഭിപ്രായം. ഇപ്രകാരം പോയിന്റ്(iii) ഹർജിക്കാരിക്ക് ഭാഗികമായി അനുകൂലമായി അനുവദിച്ച് ഉത്തരവാകുന്നു.

**21.** <u>പോയിന്റ് (iv)</u> :- ഹർജിക്കാരിക്ക് പ്രതിമാസം Rs.15,000/- (പതിനയ്യായിരം രൂപ) ഒന്നാം എതൃകക്ഷിയിൽ നിന്നും ജീവനാംശമായി ലഭിക്കണം എന്നാണ് മേൽ അപേക്ഷയിലെ മറ്റൊരു നിവൃത്തി. പോയിന്റ്(i)ലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിലും, 2005ലെ നിയമത്തിലെ 20(1) വകുപ്പ് പ്രതിപാദിക്കുന്നത് പ്രകാരവും

ഒന്നാം എതൃകക്ഷിയിൽ നിന്നും ജീവനാംശം ലഭിക്കാൻ ഹർജിക്കാരിക്കു തീർച്ചയായും അർഹതയുണ്ട്. എന്നാൽ ആവശ്യപ്പെട്ട പ്രതിമാസ സംഖ്യ വളരെ അമിതമാണ് എന്ന് നിരീക്ഷിക്കുന്നു. ഹർജിക്കാരിക്ക് തൊഴിലോ വരുമാനമാർഗ്ഗമോ ഇല്ലാത്തതും തന്റെ ബന്ധുക്കളെ ആശ്രയിച്ചാണ് താമസിച്ച് വരുന്നത് എന്നും, 2018 കാലഘട്ടം മുതൽ ഒന്നാം എതൃകക്ഷി ചിലവിന് നൽകിയിട്ടില്ല എന്നുമാണ് അപേക്ഷയിൽ പ്രസ്താവിക്കുന്നത്. ഒന്നാം എതൃകക്ഷിക്ക് കുശാൽനഗറിൽ കച്ചവടവും, കൂടാതെ സ്വന്തമായി ഭൂമിയും, വരുമാനവുമുള്ള വസ്തുക്കളുമുണ്ട് എന്നും, ബിസിനസ്സിൽ നിന്നും പ്രതിമാസം Rs 1,00,000/- (ഒരു ലക്ഷം) രൂപയും ഭൂമിയിൽ നിന്നും പ്രതിമാസം Rs.10,000/- (പതിനായിരം) രൂപയും വരുമാനം ലഭിക്കുന്നുമുണ്ട് എന്നാണ് PW1 തെളിവ് നൽകിയത്. ഒന്നാം എതൃകക്ഷിയുടെ തൊഴിലും വരുമാനവും സംബന്ധിച്ച് മറ്റു യാതൊരു തെളിവുകളോ രേഖകളോ കോടതി മുമ്പാകെ ഇല്ല താനും. അനുവദിക്കുന്ന തുക ഒന്നാം എതൃകക്ഷിയുടെ അഭാവത്തിൽ നിർണ്ണയിക്കുന്നതാണെങ്കിലും കൂടി, ആയത് നിർണയിക്കുമ്പോൾ ഒന്നാം എതൃകക്ഷിയുടെ ജോലിയും വരുമാനവും സാമ്പത്തിക നിലയും പരിഗണിക്കേണ്ടതാണ്. ആയതിനാൽ അനുവദിക്കുന്ന തുക ഒന്നാം എതൃകക്ഷിക്ക് താങ്ങാവുന്നതിലപ്പുറമാകാതിരിക്കാൻ അപേക്ഷിച്ച പ്രകാരം മുഴുവൻ തുകയും അനുവദിക്കേണ്ടതില്ലെന്നാണ് കോടതിയുടെ അഭിപ്രായം. മേൽ പറഞ്ഞ ഹർജിക്കാരിയുടെ ആസ്തി-ബാദ്ധ്യത വിവരങ്ങൾ വെളിപ്പെടുത്തിക്കൊണ്ടുള്ള സത്യവാങ്മൂലവും, അപേക്ഷയിലെ വരുമാനം സംബന്ധിച്ചുള്ള ഉള്ളടക്കവും, മറ്റു അനുബന്ധ സാഹചര്യങ്ങളും പരിഗണിച്ച് ഹർജിക്കാരിക്ക് പ്രതിമാസം Rs.5,000/- (അയ്യായിരം രൂപ) ജീവനാംശമായി നിശ്ചയിക്കുന്നു. പ്രസ്തുത ജീവനാംശ തുക ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, 2023ലെ വകുപ്പ് 144 പ്രകാരം കൂടി ആകുന്നു. ഇപ്രാകാരം പോയിന്റ് (iv) ഹർജിക്കാരിക്ക് ഭാഗികമായി അനുകൂലമായി കണ്ടെത്തുന്നു.

**22.** <u>പോയിന്റ് (v)</u> :- ഹർജിക്കാരിയിൽ നിന്നും കൈക്കലാക്കിയ 100 (നൂറ്) പവൻ സ്വർണ്ണാഭരണങ്ങൾ ഒന്നാം എതൃകക്ഷിയോട് തിരികെ നൽകാൻ കല്പിച്ചു ഒരു ഉത്തരവ് ലഭിക്കണം എന്നാണ് അപേക്ഷയിലെ മറ്റൊരു നിവൃത്തി. സ്വർണ്ണാഭരണങ്ങളുടെ വിവരണങ്ങൾ അടങ്ങിയ

പട്ടിക അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ലെങ്കിലും, ആയതിന്റെ തൂക്കവും മറ്റു വിവരണങ്ങളും സംക്ഷിപ്തമായി അപേക്ഷയിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാലും സ്വർണ്ണാഭരണങ്ങൾ കൈമാറിയതായി ആരോപിക്കപ്പെടുന്നതിനെക്കുറിച്ചോ, അത്തരം കൈമാറിയ തീയ്യതിയേക്കുറിച്ചോ അല്ലെങ്കിൽ ഏകദേശ കാലഘട്ടമോ, ഒന്നാം ഹർജിക്കാരി എതൃകക്ഷിക്ക് കൈമാറിയ സാഹചര്യങ്ങളെക്കുറിച്ചോ ഒന്നും പ്രത്യേക വാദങ്ങൾ (special pleadings) അപേക്ഷയിലില്ല. വിവാഹദിനത്തിൽ ഹർജിക്കാരി സ്വർണ്ണാഭരണങ്ങൾ ധരിച്ചു നിൽക്കുന്ന ഒരു ചിത്രം Ext.P3 ആയി ഹാജരാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചിത്രം 100(നൂറ്) പവൻ സ്വർണ്ണാഭരണങ്ങൾ ഹർജിക്കാരിക്കു വിവാഹസമയത്ത് കൈവശം ഉണ്ടായിരുന്നെന്ന് തെളിയിക്കാൻ പര്യാപ്തമല്ല. മാത്രവുമല്ല, യഥാർത്ഥ സ്വർണ്ണാഭരണങ്ങൾ ആണോ അതോ സ്വർണ്ണത്തിനോട് സാദൃശ്യമുള്ള മറ്റു ലോഹങ്ങളോ അതോ ആയതിന്റെ മിശ്രിതങ്ങൾ ഉപയോഗിച്ചിട്ടുള്ള ആഭരണങ്ങൾ ആണോ ഹർജിക്കാരിയുടെ കൈവശം ഉണ്ടായിരുന്നത് എന്ന് Ext.P3 ചിത്രത്തിൽ നിന്നും വ്യക്തമല്ല. വിവാഹശേഷം പല തവണകളായി സ്വർണ്ണം കൈക്കലാക്കി പണയം വെച്ച് ധൂർത്ത് അടിച്ചുവെന്നും, പിന്നീട് ഇതുവരെയായി ഒന്നാം എതൃകക്ഷി സ്വർണ്ണാഭരണങ്ങൾ തിരികെ നൽകിയിട്ടില്ല എന്നും ആണ് അപേക്ഷയിൽ പ്രസ്താവിക്കുന്നത്. സ്വർണ്ണാഭരണങ്ങൾ തിരികെ നൽകുന്നതിനുള്ള ഉത്തരവ് നൽകുന്നതിന്, ഭർത്താവിനോ കുടുംബാംഗങ്ങൾക്കോ സ്വർണ്ണാഭരണങ്ങൾ ഏൽപ്പിച്ചതുമായി ബന്ധപ്പെട്ട് പ്രത്യേക വാദങ്ങളും തെളിവുകളും ഉണ്ടായിരിക്കണം, കൂടാതെ ഏൽപ്പിച്ചതുമായി ബന്ധപ്പെട്ട് ഒരു തെളിവും ഇല്ലെങ്കിൽ, സ്വർണ്ണവും പണവും തിരികെ നൽകുന്നതിന് ആവശ്യപ്പെടുന്ന ആശ്വാസം അനുവദിക്കാൻ കഴിയില്ല. [ ***അബുബക്കർ ലബ്ബ v. ഷമീന K. B. 2018 (3) KHC 219 , ബിനിത v. ഹരീന്ദ്രൻ 2023 (1) KLT 855 , ബിനോദ് v. സോഫി 2019 (4) KLJ 128 , മോഹൻദാസ് v. സുനിത മോഹൻദാസ് 2024 (7) KHC 273*** ]. 'വിശ്വാസമർപ്പിക്കൽ' (Entrustment) സംബന്ധിച്ച് വിശ്വസനീയമായ തെളിവുകളൊന്നുമില്ലാതെ ഹർജിക്കാരിയുടെ വെറും വാദങ്ങളും Ext.P3 ചിത്രവും സ്വർണ്ണാഭരണങ്ങൾ തിരികെ നൽകുന്നതിനുള്ള ഉത്തരവ് നൽകാൻ പര്യാപ്തമല്ല എന്നാണ് ഈ കോടതിയുടെ അഭിപ്രായം. ഹർജിക്കാരിയുടെ വാക്കാലുള്ള തെളിവിൽ നിന്നും 'വിശ്വാസമർപ്പിക്കൽ' സംബന്ധിച്ച് നൽകിയ മൊഴികൾ മാത്രം

ആധാരമാക്കി ഒരു ഉത്തരവ് അനുവദിക്കേണ്ടതില്ല എന്ന് ഈ കോടതി നിരീക്ഷിക്കുന്നു. വാദങ്ങൾ തെളിവിന് പകരമാവില്ല. [ ***AIR 2005 SC 2179 Manager, Reserve Bank of India, Bangalore v. S. Mani and Others*** ] മാത്രവുമല്ല, എതൃകക്ഷികൾ ഹാജരാവത്തത് മൂലം, വ്യവഹാരം ഏകപക്ഷീയമായി തുടരുകയും ചെയ്തു എന്ന വസ്തുത കൊണ്ട് മാത്രം, ഹർജിക്കാരിക്ക് അനുകൂലമായ ഒരു ഉത്തരവ് ലഭിക്കാൻ അർഹതയില്ല. ഇപ്രകാരം പോയിന്റ് (v) ഹർജിക്കാരിക്ക് എതിരായി കണ്ടെത്തുന്നു.

**23.** <u>പോയിന്റ് (vi)</u> :- ഹർജിക്കാരിയെ എതൃകക്ഷികൾ ശാരീരികവും മാനസികവുമായി പീഢിപ്പിച്ചതിൽ നഷ്ടപരിഹാരമായി ഹർജിക്കാരിക്ക് Rs.10,00,000/- (പത്ത് ലക്ഷം) രൂപ എതൃകക്ഷികളോട് നൽകുവാൻ കല്പിച്ചുള്ള ഒരു ഉത്തരവ് ലഭിക്കണം എന്നാണ് അപേക്ഷയിലെ മറ്റൊരു നിവൃത്തി. പോയിന്റ്(i)ലെ കണ്ടെത്തൽ പ്രകാരം ഹർജിക്കാരി എതൃകക്ഷികളിൽ നിന്നും ഗാർഹിക പീഡനം അതിജീവിച്ചുവെന്ന് കണ്ടെത്തിയതിനാൽ തന്നെ നഷ്ടപരിഹാരം ലഭിക്കാൻ 2005ലെ നിയമത്തിലെ 22ാം വകുപ്പ് പ്രകാരം ഹർജിക്കാരിക്ക് അർഹതയുണ്ടെങ്കിലും അപേക്ഷിച്ച നഷ്ടപരിഹാര സംഖ്യ വളരെ അമിതമാണ്. എന്തെല്ലാം മാനദണ്ഡങ്ങളാണ് പ്രസ്തുത സംഖ്യ നിശ്ചയിക്കുന്നതിന് ഹർജിക്കാരി അവലംബിച്ചത് എന്ന് അപേക്ഷയിൽ നിന്നും വ്യക്തമല്ല. പ്രസ്തുത അപേക്ഷയിലെ വസ്തുതകളും, വിവാഹകാലയളവും, ഗാർഹിക പീഡനത്തിന്റെ തോതും പരിഗണിച്ച് നഷ്ടപരിഹാര സംഖ്യ നിശ്ചയിക്കാം എന്ന് ഈ കോടതി അഭിപ്രായപ്പെടുന്നു. ആയതിനു പുറമെ, മേൽ അപേക്ഷയിൽ മനപൂർവ്വം കാലതാമസം വരുത്തുന്നതിന് എതൃകക്ഷികളുടെ പെരുമാറ്റം കാരണമായതിനാലും, 2020 വർഷം മുതൽ മേൽ അപേക്ഷയിന്മേൽ ഹർജിക്കാരി വ്യവഹാരത്തിനായി അഭിഭാഷകനും മറ്റും ചിലവാക്കിയ തുകയും കൂടി പരിഗണിച്ച് ഹർജിക്കാരിക്ക് Rs.5,00,000/- (അഞ്ച് ലക്ഷം രൂപ) നഷ്ടപരിഹാരമായി നിശ്ചയിക്കുന്നു. ആയത് ഹർജിക്കാരിക്ക് നൽകുവാൻ എതൃകക്ഷികളോട് കല്പിച്ചുകൊണ്ട് ഉത്തരവാകുന്നു. ഇപ്രകാരം പോയിന്റ്(vi) ഹർജിക്കാരിക്കു ഭാഗികമായി അനുകൂലമായി കണ്ടെത്തുന്നു.

**24.** <u>പോയിന്റ് (vii)</u> :- (i) മുതൽ (vi) വരെയുള്ള പോയിന്റുകളിൽ ഈ കോടതി എത്തിചേർന്ന കണ്ടെത്തലുകളുടേയും

നിരീക്ഷണങ്ങളുടേയും അടിസ്ഥാനത്തിൽ മേൽ അപേക്ഷ താഴെ പറയും പ്രകാരം ഭാഗികമായി അനുവദിച്ച് ഉത്തരവാകുന്നു:

A. **ഒന്നും രണ്ടും എതൃകക്ഷികൾ** ഹർജിക്കാർക്കെതിരെ ഗാർഹിക പീഡനത്തിന്റെ നിർവചനത്തിൽ വരുന്ന **ശാരീരിക ദുരുപയോഗമോ, സാമ്പത്തിക ദുരുപയോഗമോ, മറ്റു വാക്കാലും വൈകാരികമായുമുള്ള ദുരുപയോഗമോ** നടത്താൻ പാടില്ല. ഈ സംരംക്ഷണ ഉത്തരവ് ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീ സംരക്ഷണ നിയമം, 2005ലെ **18ാം വകുപ്പ്** പ്രകാരം ഉത്തരവാകുന്നു.

B. മട്ടന്നൂർ മുൻസിപ്പാലിറ്റിയിലെ 25ാം വാർഡിൽ സ്ഥിതി ചെയ്യുന്ന *'ജസ്മിനാസ്'* എന്ന വീട്ടിലും വസ്തുവിലും ഹർജിക്കാരിക്ക് പ്രവേശിക്കാനും, അവിടെ താമസിക്കാനും പരിപൂർണ്ണ അവകാശം ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത വീട്ടിൽ നിന്നും ഹർജിക്കാരിയെ നിയമാനുസരണമല്ലാതെ ഒഴിപ്പിക്കുകയോ, ശല്യപെടുത്തുകയോ, അല്ലെങ്കിൽ ഹർജിക്കാരിയുടെ സുഗമമായ താമസത്തിന് തടസ്സം വരുത്തുന്ന രീതിയിൽ പ്രവർത്തിക്കുകയോ ചെയ്യുന്നതിൽ നിന്നും ഒന്നും രണ്ടും എതൃകക്ഷികളേയും അവരുടെ നിർദ്ദേശത്തോടെ പ്രവർത്തിക്കുന്ന മറ്റു എല്ലാ വ്യക്തികളേയും തടഞ്ഞ് ഉത്തരവാകുന്നു. ഈ പാർപ്പിട ഉത്തരവ് ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീ സംരക്ഷണ നിയമം, 2005ലെ 19(1) വകുപ്പ് പ്രകാരം ഉത്തരവാകുന്നു. ഈ ഉത്തരവ് നടപ്പിലാക്കാൻ വേണ്ട എല്ലാ സഹായവും, ഹർജിക്കാരി ആവശ്യപ്പെടുന്നപക്ഷം അവർക്ക് നൽകുവാൻ മട്ടന്നൂർ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറോട് കല്പിച്ച് ഉത്തരവാകുന്നു.

C. എതൃകക്ഷിയിൽ നിന്നും ജീവനാംശമായി ഹർജിക്കാരിക്കു **പ്രതിമാസം Rs.5,000/- (അയ്യായിരം രൂപ), അപേക്ഷ ബോധിപ്പിച്ച തീയ്യതി തൊട്ട്** നൽകുവാൻ ഒന്നാം എതൃകക്ഷിയോടു കല്പിച്ചു ഉത്തരവാകുന്നു. ആയത് ഭാരതീയ

നാഗരിക് സുരക്ഷാ സംഹിത, 2023ലെ **144ാം വകുപ്പ്** പ്രകാരം കൂടി ആകുന്നു.

**D.** ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീ സംരക്ഷണ നിയമം, 2005ലെ വകുപ്പ് 22 പ്രകാരം നഷ്ടപരിഹാരമായി ഹർജിക്കാരിക്ക് **Rs.5,00,000/- (അഞ്ച് ലക്ഷം രൂപ) ഒന്നും രണ്ടും എതൃകക്ഷികളോട്** നൽകുവാൻ കല്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

**E.** ആവശ്യപ്പെടുന്ന പക്ഷം ഇരുകക്ഷികൾക്കും ഈ ഉത്തരവിന്റെ ശരി പകർപ്പ് സൗജന്യമായി നൽകേണ്ടതാണ്.

**F.** ഈ ഉത്തരവിന്റെ ഒരു ശരി പകർപ്പ് വീതം സൗജന്യമായി മട്ടന്നൂർ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർക്കും, കണ്ണൂർ ജില്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസർക്കും നൽകേണ്ടതാണ്.

**ന്യായാധികാരി**

**ഗ്രാമ ന്യായാലയ, ഇരിട്ടി, പായം**

## അനുബന്ധം

പ്രോസിക്യൂഷൻ ഭാഗം സാക്ഷികൾ:-

| | |
|---|---|
| **PW1** | സുഫൈജത്ത്.പി.കെ |

പ്രോസിക്യൂഷൻ ഭാഗം അടയാളപ്പെടുത്തിയ രേഖകൾ

| | |
|---|---|
| **Ext.P1** | സാമൂഹിക ആരോഗ്യ കേന്ദ്രം, മട്ടന്നൂർ ഒ.പി ടിക്കറ്റ് (Original) PW1 മുഖേന തെളിവിൽ രേഖപ്പെടുത്തി |

| | |
|---|---|
| **Ext.P2** | പോലീസിന് നൽകിയ പരാതി (Original) PW1 മുഖേന തെളിവിൽ രേഖപ്പെടുത്തി |
| **Ext.P3** | ഫോട്ടോഗ്രാഫ് (Original) PW1 മുഖേന തെളിവിൽ രേഖപ്പെടുത്തി |

<u>പ്രോസിക്യൂഷൻ ഭാഗം മുദ്ര ചെയ്യേണ്ട തൊണ്ടി സാധനങ്ങൾ: -</u>

<u>എതിർകക്ഷി ഭാഗം സാക്ഷികൾ</u> :-

<u>പ്രതി ഭാഗം മുദ്ര ചെയ്യേണ്ട രേഖകൾ</u>:

*(2026 മാർച്ച് 27ആയ ഇന്നേ ദിവസം തുറന്ന കോടതിയിൽ വിധി പ്രസ്താവിച്ചിരിക്കുന്നു.)*

**ന്യായാധികാരി**

**ഗ്രാമ ന്യായാലയ, ഇരിട്ടി, പായം**